Draft #2 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 21-Sep-2019 10:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രവത്തനമാരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് - നിർവാഹക സമിതി യോഗത്തിന്റെ ശുപാർശകൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 4467/AC A 5/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 24.09.2019

---

പരാമർശം:-1.സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 22/05/2019- ന്ന വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന നിർവാഹക സമിതിയുടെ യോഗത്തിന്റെ നടപടികുറിപ്പ്

2.സ ഉ നം .4264/ACA5/2019/എം ജി യു , തിയതി : 05/09/2019

<u>**ഉത്തരവ്**</u>

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചേർന്ന നിർവാഹക സമിതി യോഗം പരാമർശം (1) പ്രകാരം താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചു .

1) പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശമനുസരിച്ചു ALS ഓൺലൈൻ ക്ലാസ് സെന്ററുകളിലൊന്നായ മൂവാറ്റുപുഴ നിർമല കോളേജ് ,ക്ലാസ് ദിവസമായ 17/05/2019 ന്ന ഡയറക്ടർ സന്ദർശിക്കുകയും, അവിടത്തെ ഓൺലൈൻ ക്ലാസ്സുകൾ വിലയിരുത്തുകയും, ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ALS അവരുടെ എല്ലാ കേന്ദ്രങ്ങളിലും ഒരേ സമയം ക്ലാസ്സുകൾ നടത്തുന്നതും ക്ലാസ്സുകൾ റെക്കോർഡ് ചെയ്യുന്നതും, വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമാണെന്ന് നിരീക്ഷിക്കുകയും, പരീക്ഷകൾ എല്ലാ സെന്ററുകളിലും ഒരേ പോലെ നടത്തുന്നതിനാൽ ദേശീയ തലത്തിലുള്ള റാങ്കിങ് നടത്തുവാൻ സാധിക്കുന്നതായും വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പഠന സാമഗ്രികൾ അവർ ലഭ്യമാക്കുന്നതാണ് എന്നും റിപ്പോർട്ട് നൽകി .

ഈ റിപ്പോർട്ട് അംഗീകരിക്കുന്നതിന്നു യോഗം ശുപാർശ ചെയ്തു.

2) ALS മായി ബന്ധപ്പെട്ട കൂടുതൽ ചർച്ച ചെയ്യുന്നതിന് ALS ന്റെ പ്രിതിനിധിയെ 25/05/2019 ലെ എക്സിക്യൂട്ടീവ് യോഗത്തിലേക്ക് ക്ഷണിക്കാൻ യോഗം ശുപാർശ ചെയ്തു .

3) 25/05/2019 ന് നടത്താൻ നിശ്ചയിച്ചിരുന്ന 10,+1,+2 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ഓറിയന്റേഷൻ 26/05/2019 -ലേക്ക് മാറ്റുന്നതിന് ശിപാർശ ചെയ്തു.

4) നിലവിലുള്ള ലൈബ്രേറിയൻ ഈ മാസം സർവീസിൽനിന്ന് വിരമിക്കുന്നതിനാൽ എത്രയും വേഗം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പുതിയ ലൈബ്രേറിയനെ നിയമിക്കുന്നതിന് ശിപാർശ ചെയ്തു.

5) സിവിൽ സർവീസ് എക്സിക്യൂട്ടീവ് അംഗം ഡോ.ഷെറഫുദ്ദിന്നു പകരം സിൻഡിക്കേറ്റ് അംഗമായ ഡോ.പി കെ പദ്മകുമാറിനെ കമ്മറ്റിയിൽ ഉൾപെടുത്തുന്നതിന് ശിപാർശ ചെയ്തു.

നിർവാഹക സമിതി യോഗത്തിന്റെ മേൽ ശുപാർശകൾ വൈസ് ചാൻസലർ(i/c) അംഗീകരിച്ചു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ഡയറക്ടർ,സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്

2. വകുപ്പ് മേധാവി,DLLE

3. വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലരുടെ പി.എസ്.

4. രജിസ്ട്രാറുടെ പി.എ./പരീക്ഷാ കൺട്രോളറുടെ പി.എ./ഫിനാൻസ് ഓഫീസറുടെ പി.എ.

5. ജെ.ആർ II/ഡി.ആർ II/എ.ആർ III (അക്കാദമിക്)

6 . എസി.സി I/II/എസി.എൽ

7 . കണ്ടെന്റ് മാനേജ്മെന്റ്/IQAC

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 21-Sep-2019 10:32 PM - Page 2